**File No.LSGD-EPB1/286/2018-LSGD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ശ്രീ. എം. ഗോവിന്ദൻ ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം) 1722/2017-ന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 28.03.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2300/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/12/2020

---

പരാമർശം:- 1) ശ്രീ. എം. ഗോവിന്ദൻ ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം) 1722/2017-ന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 28.03.2019-ലെ വിധിന്യായം

2) പഞ്ചായത്ത് ഡയറക്ടറുടെ 1.02.2020 ലെ PAN/28006/2018-E11(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച ശ്രീ. എം. ഗോവിന്ദൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് 31.12.2007-ന് കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) നിരാകരിച്ചിരുന്നു. 18.11.2010 തീയതിയിലെ സ.ഉ(കൈ)265/2010/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ എന്നീ തസ്തികയിൽ സംയോജിപ്പിക്കുകയും തത്ഫലമായി ഇവ പരസ്പരം മാറാവുന്ന തസ്തികകളായി മാറുകയുമുണ്ടായി. ആയതിനാൽ 07.03.2011 തീയതിയിൽ നടന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ (ഹയർ) ശ്രീ. എം. ഗോവിന്ദനെ പഞ്ചായത്ത് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി, 30.03.2011 തീയതിയിലെ സ.ഉ.(സാധാ) നം. 926/2011/തസ്വഭവ പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയിരുന്നു. 22.05.2012 തീയതിൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ)യിൽ ടിയാനെ പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 25.06.2019 തീയതിയിലെ സ.ഉ.(സാധാ)നം.1735/2012/തസ്വഭവ പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു.

2. സീനിയർ സൂപ്രണ്ട് മുതൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വരെയുള്ള സ്ഥാനക്കയറ്റങ്ങൾ യഥാസമയം ലഭിക്കാതിരുന്നത് ചോദ്യം ചെയ്ത് ശ്രീ. എം. ഗോവിന്ദൻ ഒ.എ1506/2015 നമ്പറായി സമർപ്പിച്ച പരാതി 03.09.2015 തീയതി ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ തീർപ്പാക്കുകയും അന്ന് നിലവിലുണ്ടായിരുന്ന സീനിയോറിറ്റി തർക്കങ്ങളുമായി ബന്ധപ്പെട്ടുള്ള കോടതി

വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ.ഉ (സാധാ)നം.1337/2016/ തസ്വഭവ പ്രകാരം സർക്കാർ ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശം പാലിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

3. പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളുടെ സീനിയോറിറ്റി പട്ടികകൾ അന്തിമമാക്കി പ്രസിദ്ധീകരിക്കുകയും, അപ്രകാരം 24.10.2017 തീയതിയിലെ ഇ8-12264/2017 (5) നടപടിക്രമം പ്രകാരം പഞ്ചായത്ത് വകുപ്പിലെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. നിലവിൽ ശ്രീ. എം. ഗോവിന്ദൻ ബഹു. ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിട്ടുള്ള ഒ.എ(ഇകെഎം) 1722/2017 ബഹു. ട്രിബ്യൂണലിന്റെ പരിഗണനയിലുള്ളതും 19.03.2017, 28.03.2019 എന്നീ തീയതികളിലായി ഇടക്കാല നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതുമാണ്. വകുപ്പിൽ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികക്കനുസൃതമായി ടിയാന്റെ അവകാശവാദങ്ങൾ പരിഗണിക്കുവാൻ 28.03.2019 തീയതിയിലെ ഇടക്കാല ഉത്തരവിൽ പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റ തീയതികൾ പരിഷ്കരിച്ച് നോഷണൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച ശ്രീ. എം. ഗോവിന്ദൻ സമർപ്പിച്ചിട്ടുള്ള അവകാശവാദം 24.09.2019 കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗം പരിഗണിക്കുകയും ടിയാന് അർഹതയുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

6. തുടർന്ന് ശ്രീ. എം. ഗോവിന്ദന്റെ തൊട്ട് ജൂനിയർക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികകളിൽ ടിയാന്റെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതിനും, ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെങ്കിൽ ടിയാനെ പരിഗണിക്കുന്നതിനും പ്രൊപ്പോസൽ സമർപ്പിക്കുവാൻ 17.12.2019-ലെ ഇപിബി1/286/തസ്വഭവ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചു.

7. ബഹു. സുപ്രീം കോടതിയുടെ 29.03.2017 തീയതിയിലെ സിവിൽ അപ്പീൽ നം. 5302/2016, 5204-5205/2016, 6055/2016, 6056/2016, 6057/2016, 6059/2016, 8460/2016 എന്നിവയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ സീനിയോറിറ്റി പട്ടികകളും അസ്ഥിരമാക്കപ്പെടുകയും 01.01.1990 മുതലുള്ള പുതുക്കിയ സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. പഞ്ചായത്ത് വകുപ്പിൽ 24.10.2017 തീയതിയിലെ ഇ8-12264/2017 (5) നടപടിക്രമം പ്രകാരം തയ്യാറാക്കിയിട്ടുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ സീനിയോറിറ്റി പട്ടികയാണ് നിലവിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുതലുള്ള സ്ഥാനക്കയറ്റങ്ങൾക്ക് അടിസ്ഥാന പട്ടികയായി പരിഗണിക്കുന്നത്. ആയത് പ്രകാരം ശ്രീ. എം. ഗോവിന്ദന്റെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ സീനിയോറിറ്റി നമ്പർ 686 ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്. മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം പരിഗണിക്കുമ്പോൾ പ്രസ്തുത സീനിയോറിറ്റി പട്ടികയിലെ തൊട്ട്

ജൂനിയർമാർക്ക് സ്ഥാനക്കയറ്റം നൽകിയ തീയതികളാണ് നോഷണൽ സ്ഥാനക്കയറ്റത്തിനുള്ള അടിസ്ഥാന തീയതികളായി പരിഗണിക്കേണ്ടത്. ശ്രീ. എം. ഗോവിന്ദന്റെ വിരമിക്കൽ 31.08.2015 തീയതിയിലായിരുന്നു. ടിയാന്റെ ഏറ്റവും അടുത്ത ജൂനിയറായ ശ്രീ. കെ.പി. സാബുക്കുട്ടൻ നായർക്ക് വിവിധ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിയ തീയതി അടിസ്ഥാനമാക്കി ശ്രീ. എം. ഗോവിന്ദനും അസിസ്റ്റന്റ് ഡയറക്ടർ തസ്തിക മുതലുള്ള തസ്തികകളിൽ സ്ഥാനക്കയത്തിന് അർഹത ഉണ്ടാകേണ്ടതായിരുന്നു. അപ്രകാരം ശ്രീ. എം. ഗോവിന്ദന്റെ ജൂനിയറായ ശ്രീ. സാബുകുട്ടൻ നായർക്ക് ലഭിച്ച സ്ഥാനക്കയറ്റങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ - 13.05.2010
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ – 30.03.2011

8. ശ്രീ. സാബുക്കുട്ടൻ നായർക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നത് 2017 ജനുവരി മാസത്തിലാണ്. ശ്രീ. എം. ഗോവിന്ദൻ 31.08.2015 തീയതിയിൽ വിരമിച്ചിട്ടുള്ളതാണ്.

9. മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ശ്രീ. എം. ഗോവിന്ദന് 13.05.2010 തീയതി പ്രാബല്യത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായും, 30.03.2011 തീയതി പ്രാബല്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായും സ്ഥാനക്കയറ്റ തീയതി ക്രമീകരിച്ച് നോഷണലായി അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

10. ശ്രീമതി എ.കെ. സുധാമ്മ ഫയൽ ചെയ്ത ഒ.എ.1481 /2018 മേൽ ബഹു. ട്രിബ്യൂണൽ 09.08.2019 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 19.04.2010 ലെ 956 - ാം നമ്പർ നോട്ടിഫിക്കേഷൻ ആയി പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് ഡയറക്ടറുടെ 2010-ലെ സെലക്ട് ലിസ്റ്റിൽ ശ്രീമതി. എ.കെ. സുധാമ്മയെ 11 A ആയി സ്ഥാനം നൽകി 27.02.2020-ലെ സ.ഉ.(അച്ചടി)22/2020/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്യുകയും 18.03.2011-ലെ 668-ാം നമ്പർ നോട്ടിഫിക്കേഷൻ ആയി പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി ഡയറക്ടറുടെ 2011-ലെ സെലക്ട് ലിസ്റ്റിൽ ശ്രീമതി എ.കെ. സുധാമ്മയെ 11 A ആയി സ്ഥാനം നൽകി 27.02.2020-ലെ സ.ഉ. (അച്ചടി)23/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്തും ഉത്തരവായിട്ടുണ്ട്.

11. ശ്രീ. എം.ഗോവിന്ദന്, നോഷണൽ പ്രൊമോഷൻ നല്കുന്ന വിഷയം വിശദമായി പരിശോധിച്ച്, 18/03/2020-ലെ ജി.ഒ(പി) നം. 29/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2010-ലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറിലേയ്ക്കുള്ള സെലക്ട് ലിസ്റ്റിൽ ഭേദഗതി വരുത്തി ശ്രീ. ഗോവിന്ദനെ ക്രമ നം. 11 B ആയി ശ്രീമതി. എ.കെ. സുധാമ്മയ്ക്കും (ക്രമ നം.11) ശ്രീ. കെ.പി. സാബുക്കുട്ടൻ നായർക്കുമിടയിൽ (ക്രമ നം.12) ഉൾ പ്പെടുത്താനും 18.03.2020-ലെ ജി.ഒ.(പി) നം. 28/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2011-ലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിലേയ്ക്കുള്ള സെലക്ട് ലിസ്റ്റിൽ ഭേദഗതി വരുത്തി ശ്രീ. ഗോവിന്ദനെ ക്രമ നം.11 B ആയി ശ്രീമതി എ.കെ. സുധാമ്മയ്ക്കും (ക്രമ നം.11) ശ്രീ. .കെ.പി. സാബുക്കുട്ടൻ നായർ ക്കുമിടിയിൽ (ക്രമ നം.12) ഉൾപ്പെടുത്താനും തീരുമാനിച്ചതിനാൽ ടിയാന്റെ തൊട്ടടുത്ത ജൂനിയർക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായും ഡെപ്യൂട്ടി ഡയറക്ടറായും സ്ഥാനക്കയറ്റം നൽകിയ തീയതിയിൽ ടിയാനും നോഷണലായി സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നു കാണുന്നു.

## File No.LSGD-EPB1/286/2018-LSGD

12. മേൽ സാഹചര്യത്തിൽ ശ്രീ. എം. ഗോവിന്ദന്റെ ജൂനിയറായ ശ്രീ. കെ.പി. സാബുകുട്ടൻ നായർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ചാർജ്ജ് എടുത്ത 13.05.2010 തീയതി പ്രാബല്യത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലും ശ്രീ.എം.ഗോവിന്ദന്റെ ജൂനിയറായ ശ്രീ.കെ.പി.സാബുകുട്ടൻ നായർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ചാർജ്ജ് എടുത്ത 30.03.2011 തീയതി പ്രാബല്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലും ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും മുൻകാല പ്രാബല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശ്രീ. എം. ഗോവിന്ദന് നോഷണൽ പ്രൊമോഷൻ അനുവദിച്ചും പ്രസ്തുത നോഷണൽ പേയുടെ അടിസ്ഥാനത്തിൽ ടിയാളിന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണ്ണയം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

13. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ. എം. ഗോവിന്ദൻ, റിട്ട. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വിപിൻ നിവാസ്, ആർ.ഡി. നഗർ (പി.ഒ), കാസർകോഡ് പിൻ-671124.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ് (13.10.2020 - ലെ DEV-1/99/2020-FIN നമ്പർ യു.ഒ. റിമാർക്സ് പ്രകാരം )
7. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (19.06.2020 - ലെ ADV-B2/78/2020-Pand ARD നമ്പർ യു.ഒ. റിമാർക്സ് പ്രകാരം )
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.14 13:52:57 IST
Reason: Approved

സെക്ഷൻ ഓഫീസർ